ഉത്തരം

(എ) ഉണ്ട്.

(ബി) നദീസംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തുക ഈ ആവശ്യത്തിനു തന്നെ ചെലവഴിക്കുന്ന കാര്യം ഉറപ്പാക്കുന്നതാണ്.

(സി) ഭാരതപ്പുഴയുടെ പോഷക നദിയായ ഗായത്രിപ്പുഴയിലെ എഴുന്നള്ളത്തുകടവിന്റെ സംരക്ഷണത്തിനായി 4,47,137 രൂപ 2001-ൽ ചെലവഴിച്ചിട്ടുണ്ട്. കൽപ്പാത്തി പുഴയുടെ പുനരുദ്ധാരണത്തിനായി 1,17,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ പത്തനംതിട്ട ജില്ലയിൽ അച്ചൻകോവിൽ, മണിമല, പമ്പ, കല്ലട എന്നിവയുടെ സംരക്ഷണത്തിനായി 54,18,833 രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ തടാകങ്ങൾ സംരക്ഷിക്കാൻ നടപടി

167 [1825] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടാകങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനുവേണ്ടി കേന്ദ്രത്തിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശുദ്ധജല തടാകങ്ങൾ നാഷണൽ ലേക്ക് കൺസർവേഷൻ പ്ലാൻ പ്രകാരം സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തടാക സംരക്ഷണത്തിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) സമർപ്പിച്ച പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും അത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല പദ്ധതി നിർവ്വാഹക സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് (CWRDM) 12 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly